# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 710 — 11.06.2014 ൽ മറുപടിക്ക്

## ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ്, സൈക്യാട്രി യൂണിറ്റ്, ബ്ലഡ് ബാങ്ക് എന്നിവ ആരംഭിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇതിനായി അടിയന്തിരമായി നടപടി സ്വീകരിക്കുമോ ; | (എ) | ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി എക്സ്റേ മെഷീനും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിന് 30 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ബാക്കി പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതാണ്. സൈക്യാട്രി യൂണിറ്റ്, ബ്ലഡ് ബാങ്ക് എന്നിവ ആരംഭിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള കാരുണ്യ മെഡിക്കൽ ഷോപ്പ് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കും എന്നറിയിക്കാമോ ? | (ബി) | കാരുണ്യ മെഡിക്കൽ ഷോപ്പിന്റെ നിർമ്മാണ പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മെഡിക്കൽ ഷോപ്പിന്റെ പ്രവർത്തനം സജ്ജമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ